(ബി) ഈ റോഡിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ലൂ.ഡി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) ഈ റോഡിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2 കോടി രൂപ എസ്റ്റിമേറ്റുള്ള ടി പ്രവൃത്തി, 22-2-2010-ൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി പരിഗണിച്ചു. എന്നാൽ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊല്ലം-തേനി ദേശീയപാത നിർമ്മാണം

236 (833) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കൊല്ലം-തേനി ദേശീയപാതയുടെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പാത കടന്നുപോകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ അസംബ്ലി നിയോജകമണ്ഡലങ്ങളും പഞ്ചായത്ത് പ്രദേശങ്ങളും ഉൾപ്പെടും എന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ പ്രധാന ജംഗ്ഷനുകൾ വഴിയാണ് നിർദ്ദിഷ്ട പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി രീതി വിശദീകരിക്കുമോ ;

(ഇ) റോഡു കടന്നുപോകുന്ന പ്രദേശങ്ങളിലെ സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്നും എങ്ങനെയെന്നും വിശദമാക്കാമോ ;

(എഫ്) കൊല്ലം-തേനി ദേശീയപാത പദ്ധതി പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള ഓഫീസർമാരും ഓഫീസുകളും ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ദിഷ്ട കൊല്ലം-തേനി ദേശീയപാത സ്വകാര്യ പങ്കാളിത്ത ത്തോടെ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കു ന്നതിന് ദേശീയപാത വികസന പദ്ധതിയുടെ നാലാം ഘട്ടത്തിൽ (NHDP Phase IV – Public Private Participation) DBFOT വ്യവസ്ഥയിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ച അലൈൻമെന്റ് പ്രകാരം കൊല്ലം-തേനി (NH220) ദേശീയപാത കടന്നുപോകുന്നത് കൊല്ലം-കൊട്ടാരക്കര-അടൂർ-കോട്ടയം-കാഞ്ഞിരപ്പള്ളി വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിലൂടെയാണ്. എന്നാൽ കൊല്ലം മുതൽ കോട്ടയം വരെയുള്ള അലൈൻമെന്റ് പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രസ്തുത പാത കൊല്ലം-തൃക്കടവൂർ-അഞ്ചാലുമൂട്-പെരിനാട്-പനയം-കുണ്ടറ (ഇളംമ്പള്ളൂർ)- ഈസ്റ്റ് കല്ലട-ഭരണിക്കാവ്-ചക്കുവള്ളി-ശൂരനാട്-താമരക്കുളം-ചാരുമൂട്-ചുനക്കര-കൊല്ലകടവ്-ചെങ്ങന്നൂർ എന്നിവിടങ്ങളിലൂടെ യാണ് കടന്നുപോകുന്നത്. കോട്ടയം മുതൽ തേനിവരെ നിലവിൽ ദേശീയപാത ആയതുകൊണ്ട് ഇതിന്റ അലൈൻമെന്റിൽ മാറ്റമില്ല.

(സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ അംഗീകാത്തിനായി സമർപ്പിച്ച അലൈൻമെന്റ് പ്രകാരം കൊല്ലം-തേനി ദേശീയപാത കൊല്ലം-തൃക്കടവൂർ-അഞ്ചാലംമൂട്-പെരിനാട്-പനയം-കുണ്ടറ(ഇളംമ്പള്ളൂർ) -ഈസ്റ്റ് കല്ലട-ഭരണിക്കാവ്-ചക്കുവള്ളി-ശൂരനാട്-താമരക്കുളം-ചാരുമൂട്-ചുനക്കര-കൊല്ലക്കടവ്-ചെങ്ങന്നൂർ-തിരുവല്ല-ചങ്ങനാശ്ശേരി-കോട്ടയം-കഞ്ഞിക്കുഴി-പാമ്പാടി-പൊൻകുന്നം-കാഞ്ഞിരപ്പള്ളി-മുണ്ടക്കയം-കുട്ടിക്കാനം പീരുമേട്-കുമിളി എന്നിവിടങ്ങളിലൂടെ കടന്നുപോകുന്നു.

(ഡി) അലൈൻമെന്റ് പുനർനിർണ്ണയത്തിനുള്ള നിർദ്ദേശം കേന്ദ്ര ഉപരിതലമന്ത്രാലയം അംഗീകരിച്ചതിനുശേഷം റോഡിന്റെ സാദ്ധ്യതാ പഠനം കഴിഞ്ഞതിനുശേഷമേ ഭൂമി ഏറ്റെടുക്കൽ നടപടിയെക്കുറിച്ച് തീരുമാനമുണ്ടാകു കയുള്ളു.

(ഇ) അലൈൻമെന്റ് മുഴുവനായി അംഗീകരിച്ചു കിട്ടാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) കൊല്ലം-തേനി ദേശീയപാതയുടെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അവരുടെ ഓഫീസും അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly